**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3583** **27-06-2024 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ തോടുകളുടെയും കുളങ്ങളുടെയും നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്, റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഫണ്ട്, രാഷ്ട്രീയകൃഷി വികാസ് യോജന എന്നീ പദ്ധതികൾ മുഖേന തോടുകളും കുളങ്ങളും നവീകരിക്കുന്നതിനായി നിലവിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകാമോ? | (എ) | ആലത്തൂർ മണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നിലവിൽ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഫണ്ട് XXV ൽ ഉൾപ്പെടുത്തി പിട്ടുക്കാരിക്കുളമ്പ് നീർത്തട പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ അടങ്കൽ തുകയായ 49.1 ലക്ഷം രൂപയിൽ 48.77 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതാണ്.<br><br>കൃഷി വകുപ്പിന് കീഴിൽ ആലത്തൂർ മണ്ഡലത്തിൽ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഫണ്ട് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**I. പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്കിന് കീഴിലുള്ള പ്രകൃതി സംയോജിത കാർഷിക പുനരുജ്ജീവന (നിറ) പദ്ധതി**<br><br>ഭരണാനുമതി ലഭ്യമായ 1923 ലക്ഷം രൂപയിൽ 1116.47 ലക്ഷം രൂപ ചെലവഴിച്ച് താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>a. പാലക്കാട് ജില്ല റീച്ച്- II – കീഴ്പ്പാടം തോടിന്റെ പാർശ്വഭിത്തി സംരക്ഷണവും കീഴ്പ്പാടം ഫീൽഡ് ചാനൽ നിർമാണവും.<br><br>b. പാലക്കാട് ജില്ല റീച്ച് - III – പറക്കുന്നം, ഊരംകോട്, വെങ്ങാന്നൂർ, വെള്ളാട്ടുപടി, കുരോട്ടുമണ്ണ് എന്നിവിടങ്ങളിൽ ഫീൽഡ് ചാനലുകളുടെ നിർമാണം.<br><br>c. പാലക്കാട് ജില്ല റീച്ച് - IV – നെല്ലിച്ചോട്, പുറവത്തുകാട് എന്നിവിടങ്ങളിൽ ഫീൽഡ് ചാനലുകളുടെ നിർമാണം. |

d. പാലക്കാട് ജില്ല റീച്ച് - I – പത്തിയാർകുളമ്പ് – ചുള്ളിമട, കുന്നംപട്ടി – പാറക്കുന്നം – താമരവട്ടം എന്നിവിടങ്ങളിൽ ഫീൽഡ് ചാനലുകളുടെ നിർമാണം.

e. പാലക്കാട് ജില്ല റീച്ച് - II – ചാരുപ്പാടി, കരിഞ്ഞാലി മനച്ചിപ്പാടം കൈരംപാറ, അരിയക്കോട്, ചേരനാട്, അയ്യപ്പൻകാട്-എറിയഞ്ചിറ എന്നീ ഫീൽഡ് ചാനലുകളുടെ നിർമാണം.

f. ആലത്തൂർ ബ്ലോക്ക് പാലക്കാട് ജില്ല റീച്ച് – III

g. പാലക്കാട് ജില്ല റീച്ച് - I – ഫീൽഡ് ചാനലുകൾ നിർമാണം മമ്പാട് – കാട്ടുകുളങ്ങര, കരുമനശ്ശേരി- അകംപാടം, കാടൻചീറത്തോട്-മൂലങ്കോട്.

h. പാലക്കാട് ജില്ല റീച്ച് - II – പുന്നപ്പാടം, വക്കാല, തേക്കിൻകലത്തോട്, അവിഞ്ഞി ഡാം എന്നിവിടങ്ങളിൽ ഫീൽഡ് ചാനലുകളുടെ നിർമാണം.

**II. പാലക്കാട് ജില്ലയിലെ ആലത്തൂർ മണ്ഡലത്തിന് കീഴിലുള്ള വിവിധ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ**

ഭരണാനുമതി ലഭ്യമായ 1000 ലക്ഷം രൂപയിൽ 665.708 ലക്ഷം രൂപ ചെലവഴിച്ച് താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

a. എരുത്തേമ്പതി കൃഷിഭവന്റെ കീഴിൽ ഇടവിഴതൻപാറ മുതൽ മുല്ലടിക്കാട് പിടാരിമേട് കുളം വരെ കനാൽ നിർമാണം.

b. കൊടുവായൂർ കൃഷിഭവന്റെ കീഴിൽ കാക്കയൂർ പൊന്നുമംഗലം പാടശേഖരത്തിന് കനാൽ നിർമാണം.

c. കൊടുവായൂർ കൃഷിഭവന്റെ കീഴിൽ ഏതന്നൂർ വെസ്റ്റ് തോണിപ്പാടം പാടശേഖരങ്ങൾക്കായുള്ള കനാൽ നിർമാണം.

d. കിഴക്കഞ്ചേരി കൃഷിഭവന്റെ കീഴിലുള്ള അവിഞ്ഞി വേങ്ങശ്ശേരി, ചേരമ്പാടം പാടശേഖരങ്ങളുടെ പാർശ്വഭിത്തി സംരക്ഷണ പ്രവർത്തനങ്ങൾ.

e. വണ്ടാഴി കൃഷിഭവന്റെ കീഴിലുള്ള കനാലിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവർത്തനങ്ങൾ.

സെക്ഷൻ ഓഫീസർ